# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 ഡിസംബർ 4

# വാർത്താക്കുറിപ്പ്

## എം.ജി. സെനറ്റ് ഒഴിവുകളിലേക്ക് തെരഞ്ഞെടുപ്പ്; വോട്ടർപട്ടിക ജനുവരി ആറിന്

മഹാത്മാഗാന്ധി സർവകലാശാലയുടെ പുനസംഘടിപ്പിക്കപ്പെട്ട സെനറ്റിലെ ഒഴിവുകൾ നികത്തുന്നതിന് തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിച്ചു. വിവിധ മണ്ഡലങ്ങളിലെ ഒഴിവുകളിലേക്കാണ് തെരഞ്ഞെടുപ്പ്. നിയമസഭ സാമാജികർ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മേയർ/ചെയർമാൻ/പ്രസിഡന്റുമാർ, കോളജ് പ്രിൻസിപ്പൽമാർ, ഗവൺമെന്റ് കോളജ് അധ്യാപകർ, പ്രൈവറ്റ് കോളജ് അധ്യാപകർ എന്നിവരുടെ മണ്ഡലങ്ങളിലേക്കുള്ള വോട്ടർ പട്ടിക ജനുവരി ആറിന് പ്രസിദ്ധീകരിക്കും. വോട്ടർ പട്ടികയിൽ പേരുചേർക്കാനുള്ളവരുടെ വിവരങ്ങൾ കോളജുകളും ഇതരസ്ഥാപനങ്ങളും ജനുവരി ഒന്നിനകം സർവകലാശാല ഓഫീസിൽ അയച്ചു നൽകണം.

(പി.ആർ.ഒ/39/2119/2019)

## പരീക്ഷ തീയതി

മൂന്നാംസെമസ്റ്റർ എം.പി.എഡ്.(2018 അഡ്മിഷൻ റഗുലർ/2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷ ജനുവരി ഒന്നിന് ആരംഭിക്കും. പിഴയില്ലാതെ ഡിസംബർ ഏഴുവരെയും 525 രൂപ പിഴയോടെ ഡിസംബർ ഒമ്പതു വരെയും 1050 രൂപ സൂപ്പർഫൈനോടെ ഡിസംബർ 10 വരെയും അപേക്ഷിക്കാം. പരീക്ഷ ഫീസിനു പുറമേ റഗുലർ വിദ്യാർഥികൾ 210 രൂപയും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 42 രൂപ വീതവും (പരമാവധി 210 രൂപ)സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ/39/2120/2019)

## പരീക്ഷ പുനക്രമീകരിച്ചു

നവംബർ 15ന് നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ.യുടെ(2015, 2016 അഡ്മിഷൻ സപ്ലിമെന്ററി) ബിസിനസ് എത്തിക്സ് ആൻഡ് കോ-ഓപ്പറേറ്റീവ് ഗവേണൻസ് എന്ന വിഷയത്തിന്റെ പരീക്ഷ ഡിസംബർ 17ന് നടക്കും.

(പി.ആർ.ഒ/39/2121/2019)

## പരീക്ഷഫലം

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. സൈക്കോളജി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ 'സ്റ്റുഡന്റ് പോർട്ടൽ' ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2122/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. ഹോം സയൻസ്

സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ 'സ്റ്റുഡന്റ് പോർട്ടൽ' ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2123/2019)

2018 ഡിസംബറിൽ നടന്ന ഒന്നാം സെമസ്റ്റർ പി.ജി.സി.എസ്.എസ്. എം.എസ് സി. ഫിസിക്സ് (മെറ്റീരിയൽ സയൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഡിസംബർ 16 വരെ www.mgu.ac.in എന്ന വെബ്സൈറ്റിലെ 'സ്റ്റുഡന്റ് പോർട്ടൽ' ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/2124/2019)

## എം.ജി.യിൽ മാസ് സ്പെക്ട്രോമെട്രി രാജ്യാന്തര സമ്മേളനം ഇന്നാരംഭിക്കും

നാലാമത് രാജ്യാന്തര മാസ് സ്പെക്ട്രോമെട്രി സമ്മേളനം ഇന്നു മുതൽ (ഡിസംബർ 5 )മുതൽ ഏഴുവരെ മഹാത്മാ ഗാന്ധി സർവകലാശാലയിൽ നടക്കും. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസും ഇന്റർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്ററും അഡ്വാൻസ്ഡ് സെന്റർ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസ് ആന്റ് സസ്റ്റെയിനബിൾ ഡെവലപ്മെന്റും സംയുക്തമായാണ് രാജ്യാന്തര സമ്മേളനം സംഘടിപ്പിക്കുന്നത്.

ഇന്നു (ഡിസംബർ 5 )രാവിലെ ഒൻപതിന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിൽ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ഉദ്ഘാടനം നിർവഹിക്കും. ഡോ. എ.പി. തോമസ് അധ്യക്ഷത വഹിക്കും. പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം പ്രൊഫ. കെ. ജയചന്ദ്രൻ, സ്കൂൾ ഓഫ് എൻവയോൺമെന്റൽ ഡയറക്ടർ പ്രൊഫ. ഇ.വി. രാമസ്വാമി എന്നിവർ പങ്കെടുക്കും.

ടോം ബ്രണ്ണ, അതുല അറ്റിഗലി (യു.എസ്.എ.), മൈക്കിൾ സ്പിറ്റ്ലർ, ജോച്ചൻ വോൾ (ജർമ്മനി), ലോറന്റ് ഡെബ്രൂവർ, ഒലിവർ ലാപ്രവോട് (ഫ്രാൻസ്), അചിലി കാപിലോ, പിയറംഗേല പൽമ (ഇറ്റലി), കോൺസ്റ്റാന്റിൻ ചിൻഗിൻ (ചൈന), സുമൻ കാന്തി മന്ന, മാളവിക ദത്ത്, അനുഭവ് കുമാർ, ഷിബ്ദാസ് ബാനർജി, എം. ജോസഫ്, ഇ.കെ. രാധാകൃഷ്ണൻ, സുപ്രതിം മോൺഡൽ, സ്രാബനി കർമാകർ, പത്മാ രാമകൃഷ്ണൻ, എസ്.കെ. റാസ, ആർ. അശ്വിനി, യശ്വന്ത് സ്തനികം, വി. ശിവാനന്ദൻ ആചാരി, കെ.കെ. നെജുമൽ, ജോബിൻ സിറിയക്, ജിഷ ചന്ദ്രൻ, ഷംന ഷാജഹാൻ, ദീപ്തി മാടായി, ആർ. സുകന്യ, ബിക്കി ജെറിൻ ജോസഫ്, ജീവ എം. ഫിലിപ്പ്, കെ.പി. മധുസൂദനൻ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധം അവതരിപ്പിക്കും.

(പി.ആർ.ഒ/39/2125/2019)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ